**QP CODE: T6006**

Enrollment number : ..........................................

Name : ..........................................

BA DEGREE EXAMINATIONS,MAY 2024
First Semester
BA Malayalam Language and Literature
B21ML01DC - മലയാളകവിത : ആധുനികം
( Supplementary / Improvement )
2022 ADMISSIONS

Time: 3 Hours | Max Marks: 70

## Section A

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം.**

1. സംസാരസാഗരം കടക്കാനുള്ള ആവിക്കപ്പലിന്റെ നാവികൻ ആരാണ്?
2. പ്രത്യക്ഷരക്ഷാദൈവസഭയുടെ സ്ഥാപകൻ ആരാണ്?
3. വീണപൂവ് ആദ്യം പ്രസിദ്ധീകരിച്ച മാസിക ഏത്?
4. കേരളസാഹിത്യചരിത്രത്തിന്റെ കർത്താവാര് ?
5. "ഗുണോദാരനാമവിടത്തേയ്ക്കെന്തുതോന്നിയോഹൃത്തിൽ" - ആരെയാണ് കവി ഗുണോദാരനെന്ന് വിശേഷിപ്പിക്കുന്നത്?
6. 'ശ്രീ' എന്ന തൂലികാനാമത്തിൽ എഴുതിയ കവിയാര്?
7. 'ഇവനെക്കൂടി സ്വീകരിക്കുക' എന്ന് കവി ആരോടാണ് പറയുന്നത്?
8. 'ഇനി ഞാനുണർന്നിരിക്കാം നീയുറങ്ങുക' എന്ന കവി പറയുന്നതാരോടാണ്?
9. 'വാക്കുകളുടെ മഹാബലി' എന്ന് കെ.ജി.ശങ്കപ്പിള്ള കവിതയിൽ വിശേഷിപ്പിക്കുന്നതാരെയാണ്?
10. വെയിൽ തിന്നുന്ന പക്ഷി ആരുടെ കവിതാ സമാഹാരമാണ്?
11. 'കായിക്കരയിലെ കടൽ' ആരുടെ കവിതയാണ്?
12. കാണെക്കാണെ എന്ന കവിതയിലെ മുഖ്യകാവ്യബിംബം എന്താണ്?
13. വി.എം.ഗിരിജയുടെ ആദ്യകവിതാ സമാഹാരം ഏതാണ്?
14. 'പാലേരിമാണിക്യം ഒരു പാതിരാക്കൊപാതകത്തിന്റെ കഥ' എന്ന നോവൽ ആരുടേതാണ്?
15. ' ഖേദപൂർവ്വം മരങ്ങൾ ' ആരുടെ കവിതയാണ് ?

**(1x10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം.**

16. "നാവികൻ നീ ഭവാബ്ധിക്കൊ- രാവിവന്തോണി നിൻപദം" - ആശയം വിശദീകരിക്കുക.
17. പൊയ്കയിൽ കുമാരഗുരുവിന്റെ കാവ്യഭാഷയുടെ പ്രധാന പ്രത്യേകതകൾ എന്തെല്ലാം?
18. "എന്നൊക്കെയല്ലി ബത വണ്ടു പുലമ്പിടുന്നു" - എന്തൊക്കെയാണ് വണ്ടു പുലമ്പുന്നത്?
19. "ശവഭസ്മത്തിൽ വർത്തിക്കും ചരിത്രാഖ്യാനചാതുരി ദന്തോടജത്തിൽ ദ്യോതിക്കും തത്വാദ്ധ്യാപന വൈദുഷി" - ആശയം വിശദമാക്കുക.
20. "ആ വിശുദ്ധമാം മുഗ്ദ്ധപുഷ്പത്തെക്കണ്ടില്ലെങ്കിൽ ആ വിധം പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ" - സന്ദർഭം വ്യക്തമാക്കുക.
21. "എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ എന്നേയ്ക്കുമായസ്തമിച്ചുപോയ്" - എന്ന് കവി ചിന്തിക്കുന്നതെന്തുകൊണ്ട്?
22. "മാതുല, പൊറുത്താലും, തീർന്നു മാമ്പഴക്കാലം" - ആര് ആരോടാണ് ഇങ്ങനെ പറയുന്നത്?
23. 'കാണെക്കാണെ' എന്ന കവിതയിൽ തീവണ്ടി പ്രധാന കാവ്യബിംബമാകുന്നതെങ്ങനെയാണ്?
24. പ്രവാസജീവിതത്തിന്റെ പ്രത്യേകതൾ 'കമറൂൾ നാട്ടിൽ പോകുന്നു' എന്ന കവിതയിൽ തെളിയുന്നതെങ്ങനെ?
25. 'അല്ലാതെന്ത്?" എന്ന ശീർഷകം കവിതയ്ക്ക് ഇണങ്ങുന്നതെങ്ങനെ?

**(2x5=10)**

## Section C

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

26. ദൈവത്തെ എന്തെല്ലാമായാണ് ശ്രീ നാരായണഗുരു അവതരിപ്പിക്കുന്നത്?
27. 'കാണുന്നില്ലോരക്ഷരവും' ഒരു വംശഗാഥയാകുന്നതെങ്ങനെ?
28. പൂവ് അതിന്റെ ശൈശവബാല്യകൗമാരങ്ങൾ കഴിച്ചുകൂട്ടിയതെങ്ങനെ?
29. ഭൂതക്കണ്ണാടിയിലൂടെ കവി കാണുന്ന പ്രപഞ്ചം എങ്ങനെയുള്ളതാണ്?
30. സൂര്യകാന്തിയുടെ ഭാവഭേദങ്ങൾ എന്തെല്ലാം?
31. ശാർങ്ഗകപ്പക്ഷികൾ ദാമ്പത്യത്തിന്റെ മധുരഗീതമാകുന്നതെങ്ങനെയാണ്?
32. ഇവനെക്കൂടി എന്ന കവിതയിൽ ആരോടൊക്കെയാണ് കവി അഭ്യർത്ഥിക്കുന്നത്? എന്തൊക്കെയാണ് അഭ്യർത്ഥനകൾ?
33. 'കൊച്ചിയിലെ വൃക്ഷങ്ങൾ' കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലേക്കുള്ള പ്രവേശികയാകുന്നതെങ്ങനെ?
34. കാട് എന്ന കവിത ഔപനിഷദികമായ ഏകബോധത്തിൽ വിലയിക്കുന്നതെങ്ങനെ?

35. "ചുണ്ടിലാകെയൂറുന്നത് കയ്പുമാത്രം" - കുന്തിയുടെ ഈ വിചാരത്തിന് കവിത സാധൂകരണമാകുന്നുതെങ്ങനെ?
36. ഗ്രാമജീവിതത്തിന്റെ ആവാസവ്യവസ്ഥയിലാണ് കൊതിയൻ എന്ന കവിത നിലകൊള്ളുന്നത് - വിശദമാക്കുക.
37. "വെള്ളം - അമ്മ" ദ്വന്ദ്വത്തെ ടി.പി.രാജീവൻ കവിതയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?

**(5x6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്ത് മാർക്ക് വീതം.**

38. മനുഷ്യജീവിതാവസ്ഥയെക്കുറിച്ചുള്ള വിലാപമാണ് വീണപൂവ് - വിലയിരുത്തുക
39. ഉത്തരാധുനിക കവിതയുടെ പൊതുസവിശേഷതകൾ എന്തെല്ലാം?
40. വൈലോപ്പിള്ളി എന്ന കവിയെ 'ഇവനെക്കൂടി' എന്ന കവിതയിൽ എങ്ങനെയൊക്കെയാണ് ആഖ്യാനം ചെയ്യപ്പെടുന്നതെന്ന് വിശദമാക്കുക.
41. ശബ്ദമില്ലാത്തവരുടെ ശബ്ദമായി 'കാണുന്നില്ലോരക്ഷരവും' എന്ന പാട്ട് മാറുന്നതെങ്ങനെ ? വിവരിക്കുക.

**(10x2=20)**